## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 601** **28-06-2022 - ൽ മറുപടിയ്ക്ക്**

## പുതിയ സംരംഭകർക്ക് പ്രോൽസാഹനവും അറിവും നൽകുന്ന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പുതിയ സംരംഭകർക്ക് പ്രോൽസാഹനവും അറിവും നൽകുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രമാക്കി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കാമോ; | (എ) | പുതിയ സംരംഭകർക്ക് പ്രോൽസാഹനവും അറിവും നൽകുന്നതിനായി 2022-23 സാമ്പത്തിക വർഷം ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനും ലോൺ/ലൈസൻസുകൾ ലഭ്യമാക്കുക എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി തദ്ദേശ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ യോഗ്യതയുള്ള ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. ഒരു തദ്ദേശ സ്ഥാപന തലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ലക്ഷ്യവും നൽകിയിട്ടുണ്ട്.<br><br>സംരംഭക വർഷവുമായി ബന്ധപ്പെട്ട് 2022-23 സാമ്പത്തിക വർഷം ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വിവിധ വകുപ്പുകളുടെ സംയോജനത്തോടെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. ലൈസൻസുകൾ, സാങ്കേതികവിദ്യ, വിവിധ വകുപ്പുകളുടെ സഹായ പദ്ധതികൾ, സംരംഭക സാധ്യതയുള്ള മേഖലകൾ, വിജയിച്ച സംരംഭങ്ങളുമായുള്ള സംവാദം തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടാണ് പഞ്ചായത്ത്തല ക്യാമ്പയിൻ നടത്തുന്നത്.<br><br>പൊതു ബോധവത്കരണ പരിപാടിയിൽ പങ്കെടുത്തവരിൽ നിന്നും സംരംഭം തുടങ്ങാൻ മുന്നോട്ട് വരുന്നവർക്ക് മെയ് മാസത്തിൽ നടത്തുന്ന ലോൺ/ലൈസൻസ് മേളകളിലൂടെ കെ-സ്വിഫ്റ്റ് മുഖേനയുള്ള ലൈസൻസുകളും ബാങ്കുകളുടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയും ലോൺ, വിവിധ സർക്കാർ വകുപ്പുകളിൽ നിന്നുള്ള സബ്സിഡികൾ |

| | | | |
|---|---|---|---|
| | | | എന്നിവ ലഭ്യമാക്കുന്നതിനും ആവശ്യമായ സേവനങ്ങൾ നൽകുന്നതാണ്. |
| (ബി) | ഇത്തരം പദ്ധതിയിലൂടെ ഒരു വർഷം പുതിയ എത്ര സംരംഭങ്ങൾ ആരംഭിക്കാനാണ് ലക്ഷ്യം വയ്ക്കുന്നത്? | (ബി) | ഈ പദ്ധതിയിലൂടെ 2022-23 സാമ്പത്തിക വർഷത്തിൽ ഉത്പാദനസേവന വാണിജ്യ മേഖലകളിലായി ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാനാണ് ലക്ഷ്യംവെക്കുന്നത്. |

സെക്ഷൻ ഓഫീസർ